# AKPCTA

# BULLETIN

7

JUNE 1978

FOREWARD □ STATEMENT OF JOINT ACTION COUNCIL □ UNIVERSITY CIRCULARS □ GOVERNMENT ORDERS □ UNIVERSITY DECISIONS □ AKPCTA NEWS.

MONTHLY JOURNAL OF THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

# AKPCTA BULLETIN

(For Private circulation only)

*Chief Editor:*
P. NARENDRAN

*Ediiorial Board:*

PROF: R. R. C. NAIR
PROF: G. MADHAVAN NAIR
GEORGE ONAKKUR
V. NARAYANAN KUTTY
FROF: N. J. JACOB
G. SREEDHARAN
PROF: T. GOPALAKRISHNAN

## *Read and Subscribe*

| SUBSCRIPTION RATES |
| --- |
| ANNUAL (10 issues) Rs. 5/- |

# കുറിപ്പുകൾ

## ഈ കടന്നാക്രമണത്തെ ചെറുത്ത് തോൽപിക്കുക.

സെൻ കമ്മീഷൻെറ ശുപാർശയിന്മേൽ സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മീഷൻ രൂപീകരിച്ച ശമ്പളസ്കെയിലിന് രണ്ട് ലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന് സർവ്വകലാശാലാ കോളേജ് അദ്ധ്യാപകർക്ക് ഏകീകൃതമായ ഒരു ശമ്പളനിരക്ക്. രണ്ട് മികച്ച പ്രതിഭകളെ ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് ആകർഷിക്കുക. ആവർത്തിച്ചുള്ള പ്രക്ഷോഭണങ്ങളുടേയും സമരങ്ങളുടേയും ഫലമായി 1971 മുതൽ നടപ്പാക്കേണ്ടിയിരുന്ന സ്കെയിൽ 1973 ജനവരി 1-ന് കേന്ദ്രഗവണ്മെൻറ് നടപ്പാക്കി. സംസ്ഥാനങ്ങളോട് സ്കെയിൽ നടപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അധികച്ചിലവിൻെറ എൺപതു ശതമാനം കേന്ദ്രം വഹിക്കുന്നതാണെന്ന് വ്യക്തമാക്കുകയുമുണ്ടായി.

സ്കെയിൽ നടപ്പിലാക്കുന്നകാര്യത്തിൽ മിക്കവാറും എല്ലാ സംസ്ഥാന ഗവണ്മെൻറുകളും വിമുഖത പ്രകടിപ്പിച്ചു. പക്ഷെ കേരളത്തിലൊഴികെ മറെറാരിടത്തും "ഇവിടെപ്പററില്ല" എന്ന യുക്തിക്കനിരക്കാത്ത ദുർവ്വാശി ഉണ്ടായില്ല. മററു സംസ്ഥാനങ്ങളിലും പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തിയാണ് അദ്ധ്യാപകർ സ്കെയിൽ നേടിയെടുത്തതു്.

പക്ഷേ ഒന്നുണ്ട് വ്യത്യാസം. മറെറാരു സംസ്ഥാന ഗവണ്മെൻറും "അവകാശനിഷേധം" പ്രഖ്യാപിതലക്ഷ്യമാക്കിയിട്ടില്ല. സർക്കാരിൻെറ മുഴുവൻ മർദ്ദനോപാധികളും അവകാശ സമരങ്ങൾക്കെതിരെ അഴിച്ചു വിടുകയുണ്ടായിട്ടില്ല. ഡൈസ്നോൺ എന്ന കരിനിയമം നിലവിലില്ല. പണിമുടക്കിയാൽ, സമരം ചെയ്താൽ "ഒരു പാഠംപഠിപ്പിക്കും" എന്ന തനി പിന്തിരിപ്പൻ മാടമ്പിസ്വഭാവം ഇല്ല. മറിച്ച് അവകാശസമരങ്ങളോട് വിവേകപൂർവ്വമായ ഒരു സമീപനമാണ് സ്വീകരിച്ചുകാണുന്നതു്. ജനാധിപത്യധർമ്മമനുസരിച്ച് ആവശ്യങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കുകയും കൂടിയാലോചനകളിലൂടെ പ്രശ്നം പരിഹരിക്കുകയുമാണുണ്ടായിട്ടുള്ളതു്.

1974 മുതൽ നിരന്തരമായി ഉന്നയിച്ചുകൊണ്ടുവന്ന ഒരവകാശം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള അദ്ധ്യാപകരുടെ പരീക്ഷാ ബഹിഷ്കരണ സമരത്തെനേരിടാൻ സർക്കാരിൻെറ ആവനാഴിയിലുള്ള ആയുധങ്ങളൊന്നും മതിയാകാത്തതിനാലാകാം ആൻറണി ഗവണ്മെൻറ് ഡൈസ്നോൺ എന്ന കുപ്രസിദ്ധനിയമത്തിന് ഒരു പുതിയ വ്യാഖ്യാനവും വ്യാപ്തിയും നൽകിയിരിക്കുന്നതു്. ഒരു ദിവസമെങ്കിലും സമരംചെയ്താൽ അറുപതു് ദിവസത്തെ ശമ്പളം നഷ്ടപ്പെടുമത്രേ! ലോകത്തിന്നോളം ഒരു പരിഷ്കൃത ഗവണ്മെൻറും, എന്തിന് ജനറൽ ഫ്രാങ്കോയുടെ ഫാസിസ്റ്റ് ഗവണ്മെൻറുപോലും ചിന്തിക്കാൻകൂടി അറയ്ക്കുന്ന ഒരു കിരാത നിയമമാണ് പുരോഗമന സർക്കാരെന്ന് സ്വയം ഉൽഘോഷിച്ചു നടക്കാറുള്ള ആൻറണി ഗവണ്മെൻറ് കൊണ്ടുവന്നിരിക്കുന്നതു്. ഇതു് ട്രേഡ്യൂണിയൻ അവകാശങ്ങളിന്മേലുള്ള നഗ്നമായ ഒരു കടന്നാക്രമണമാണ്. നൂററാണ്ടുകളായി നടത്തിയ ത്യാഗോജ്ജ്വലവും ധീരോദാത്തവുമായ സമരങ്ങളിലൂടെയാണ്, കൂട്ടായി വിലപേശാനും, സമരംചെയ്യാനുമുള്ള അവകാശം തൊഴിലാളിവർഗ്ഗം നേടിയെടുത്തതു്. ആ അവകാശത്തെയാണ് ഈ കിരാതനിയമംവഴി നിഹനിക്കാൻ കേരളാ ഗവണ്മെൻറ് തുനിഞ്ഞിറങ്ങിയിരിക്കുന്നതു്.

ഇത് കണ്ണുംകെട്ടി നോക്കിനിൽക്കാൻ ഒരു സംഘടനയ്ക്കും, ഒരു ട്രേഡ് യൂണിയനും സാദ്ധ്യമല്ല. ഇതിനെതിരെ ബഹുജനമുന്നേററം ഉണ്ടായേ മതിയാകൂ. ഈ കിരാതനിയമം ഉയർത്തിക്കൊണ്ടുവരുന്ന അപകടകരമായ പ്രവണതയെ മുളയിലേ നുള്ളിക്കളഞ്ഞേ മതിയാകൂ. ഇത് സംഘടിതശക്തിയിലൂടെ മാത്രമേ നേടാനാകൂ. ഈ കടന്നാക്രമണത്തെ ചെറുത്തുതോല്പിക്കാൻ—സഖാക്കളെ മുന്നോട്ട്!

---

# SESSIONAL EVALUATION AT P. G. LEVEL.

The implementation committee on examination reforms of the University Grants Commission has recommended that sessional evaluation should be tried at the post-graduate level before it is extended to the under-graduate level.

In the light of experience gained during the last three years, the committee has favoured that the sessional assessment should be open and the script should be shown to students. Suitable machinery has been suggested to look into the grievances of the students.

The committee has suggested that marks or grades of sessional assessment should not be totalled up with the marks and grades obtained in the external examination.

Sessional evaluation system has so far been introduced at different levels by 67 universities in the country. The committee has recommended that some universities may consider introducing sessional evaluation on an optional basis in the first phase.

In the beginning the grades should be awarded by converting numerical marks into "letter" grades. Conversion tables should be worked out for this purpose by the universities. This will help teachers and students to be oriented to the new system. In course of time numerical marks can be dispensed with and only letter grades adopted.

On the issue of question banks, the committe feels that these should be released to the students well in time so that they have a better idea of the contents and objectives of the course. A certain portion of the questions, say 25 per cent, may be set from outside the question bank. The concept of the question bank is more relevant at the under-graduate level, according to the committee. But there should be no objection if a university department develops banks at the post-graduate level also So far Nineteen universities have developed question banks.

# ജോയിൻറ് ആക്ഷൻ കൗൺസിൽ ഓഫ് ദി യൂണിവേഴ്സിററി ആൻറ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് ഇൻ കേരള.

## പരീക്ഷാ ബഹിഷ്ക്കരണ സമരം തല്ക്കാലം നിർത്തിവയ്ക്കുന്നു.

തികച്ചും ന്യായമായതെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന ഒരാവശ്യം നേടുന്നതിനായി സമരരംഗത്ത് നില്ക്കുന്ന കോളേജധ്യാപകരെ നേരിടുന്നതിനുവേണ്ടി മറ്റെങ്ങും കേട്ടുകേൾവിയില്ലാത്ത വിധത്തിൽ, കേരള സർക്കാർ കരിനിയമം കൊണ്ടുവരികയും മർദ്ദന സന്നാഹങ്ങൾ ഒരുക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഉത്തരക്കടലാസ് പരിശോധനാ ബഹിഷ്ക്കരണ സമരം തല്ക്കാലം നിർത്തിവയ്ക്കാൻ അദ്ധ്യാപക സംയുക്ത കർമ്മസമിതി തീരുമാനിച്ചിരിക്കുന്നു. എന്നാൽ അവകാശം നേടിയെടുക്കുന്നതിന് വേണ്ടിയുള്ള സമരത്തിന് പുതിയ രൂപം നൽകി സമരം ശക്തിയായി മുന്നോട്ടു കൊണ്ടുപോകണമെന്നും ആവശ്യങ്ങൾ നേടുന്നതിനുവേണ്ടി സമരം ചെയ്യാനുള്ള അദ്ധ്യാപകരുടെ ജനാധിപത്യാവകാശം നിഷേധിക്കുന്ന സർക്കാരിന്റെ കരിനിയമം റദ്ദാക്കിക്കിട്ടുന്നതിനുവേണ്ടിയുള്ള അതിശക്തമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കണമെന്നും തീരുമാനിച്ചിരിക്കുന്നു.

**സംയുക്ത കർമ്മസമിതിയുടെ മേൽപ്പറഞ്ഞ തീരുമാനത്തിന്റെ വെളിച്ചത്തിൽ അദ്ധ്യാപകർ പരീക്ഷാജോലി സംബന്ധിച്ച് യൂണിവേഴ്സിററിയിൽനിന്നും ലഭിക്കുന്ന കത്തുകൾക്ക് സമ്മതം നൽകിക്കൊണ്ടുള്ള മറുപടികൾ അയയ്ക്കേണ്ടതാണ്.**

വൈകിയ വേളയിലെങ്കിലും സർക്കാർ അനാവശ്യമായ പിടിവാശി ഉപേക്ഷിച്ച് മാന്യമായ ഒരു ഒത്തുതീർപ്പിന് തയ്യാറാകുമെന്നും അദ്ധ്യാപകരുടെ ന്യായമായ ആവശ്യം അനുവദിക്കുമെന്നും അദ്ധ്യാപകർ ആത്മാർത്ഥമായി പ്രതീക്ഷിച്ചിരുന്നു. അദ്ധ്യാപക സമരത്തെ തച്ചുടയ്ക്കണമെന്നതന്നെ കാലേക്കൂട്ടി പ്രതിജ്ഞയെടുത്തിരുന്ന കേരള സർക്കാരിന് വിവേകപൂർവ്വം പ്രവർത്തിക്കാൻ കഴിയില്ലെന്നതിന്റെ വ്യക്തമായ തെളിവുകളാണ് സർക്കാരിന്റെ പുതിയ കരിനിയമവും മർദ്ദനസന്നാഹങ്ങളും.

അദ്ധ്യാപകർ ഉന്നയിച്ച ആവശ്യത്തെക്കുറിച്ച് തുറന്ന ചർച്ച നടത്തുവാൻ ഒരുക്കമാണെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ആത്മാർത്ഥതയില്ലാത്തതായിരുന്നു എന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. സമരത്തെ തച്ചുടയ്ക്കണമെന്ന അതിർകടന്ന ആഗ്രഹത്തിൽ കഴിയുന്ന ഒരു സർക്കാർ ഫലപ്രദമായ ചർച്ചകൾക്ക് തയ്യാറാകാത്തതിൽ ഞങ്ങൾക്ക് ലേശംപോലും അത്ഭുതമില്ല. സർക്കാരിന്റെ ഇന്നത്തെ ഈ പോക്ക് അപകടകരമാണെന്ന് പറയേണ്ടതില്ല. വിദ്യാഭ്യാസരംഗത്ത് ഒരു പ്രതിസന്ധി ഉണ്ടാകരുതെന്ന ആത്മാർത്ഥമായ ആഗ്രഹം അദ്ധ്യാപകർക്ക് ഉണ്ടായിരുന്നതുകൊണ്ടാണ് പരമാവധി വിട്ടുവീഴ്ച്ചയ്ക്ക് അദ്ധ്യാപകർ വിവിധ ഘട്ടങ്ങളിൽ തയ്യാറായത്. അത് അദ്ധ്യാപകരുടെ ദൌർബല്യമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അദ്ധ്യാപകരുടെ ആവശ്യത്തിനെതിരായി ഒരു ന്യായവും സർക്കാരിന് പറയുവാനില്ല. മാന്യമായ ഒരു ഒത്തുതീർപ്പിനുവേണ്ടി സർക്കാരിന് ശ്രമിക്കാമായിരുന്നു.

അവകാശസമരങ്ങളോട് സർക്കാരിന് ശത്രുതാമനോഭാവം ഉണ്ടെങ്കിൽകൂടി ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പിനുവേണ്ടി സർക്കാർ ശ്രമിക്കുമെന്നായിരുന്നു അദ്ധ്യാപകരുടെ പ്രതീക്ഷ. പക്ഷെ ഖേദകരമെന്നുതന്നെ പറയട്ടെ അദ്ധ്യാപകരുടെ പ്രതീക്ഷകളെ അപ്പാടെ തകർക്കുക മാത്രമല്ല തികച്ചും ജനാധിപത്യ വിരുദ്ധവും പ്രാകൃതവും ആയ രീതിയിൽ അദ്ധ്യാപകർക്കെതിരെ സർക്കാർ നീങ്ങുകയും ചെയ്തു. പരീക്ഷാജോലി ഏറ്റെടുക്കാൻ വിസമ്മതിച്ചാൽ പരീക്ഷ തുടങ്ങുന്ന തീയതിമുതലുള്ള രണ്ടു മാസത്തെ

ശമ്പളം അദ്ധ്യാപകർക്ക് നിഷേധിക്കുമത്രേ. പത്തോ പതിനഞ്ചോ ദിവസം കൊണ്ടുമാത്രം ചെയ്യേണ്ട പേപ്പർ വാല്യുവേഷൻ ജോലി ബഹിഷ്കരിച്ചാൽ രണ്ടുമാസത്തെ ശമ്പളം അദ്ധ്യാപകർക്ക് നഷ്ട മാകുമെന്നർത്ഥം. പരീക്ഷാജോലി ഏറെറടുക്കാൻ ഒരു ദിവസമെങ്കിലും അദ്ധ്യാപകർ വിസമ്മതി ച്ചാൽ മുഴുവൻ വെക്കേഷൻ കാലത്തേയും ശമ്പളം നിഷേധിക്കുമെന്ന് 1975-ൽ അച്യുതമേനോൻ സർക്കാർ പ്രഖ്യാപിച്ചിരുന്നു. പ്രഖ്യാപനം മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അവകാശ നിഷേധ വ്യഗ്രതമൂത്ത് ആൻറണി സർക്കാർ ഒരു പടികൂടി മുന്നോട്ടുപോയിരിക്കുന്നു. "ഡൈസ്നോണി"ന് തികച്ചും വികൃതവും കിരാതവും ആയ ഒരു രൂപം ആൻറണി സർക്കാർ നല്കിയിരിക്കുന്നു. അവകാശ സമരങ്ങളെ തച്ചുടയ്ക്കുന്നതിനുള്ള ഒരു പുതിയ ആയുധം സർക്കാരിൻെറ ആയുധപ്പുരയിൽ ഉണ്ടായിരി ക്കുന്നു എന്നർത്ഥം. അവകാശസമരങ്ങൾക്ക് നേരെയുള്ള കണ്ണുകോടാലിയായി മാത്രമേ ഇതിനെ ജനാ ധിപത്യവാദികൾക്ക് കാണുവാൻ കഴിയൂ. ഈ ഓർഡിനൻസ് കോളേജ് അദ്ധ്യാപകരെമാത്രം ബാ ധിക്കുന്ന ഒന്നായിരിക്കുമെന്ന് കരുതുവാൻ ന്യായമില്ല. കേരളത്തിലെ എല്ലാ സർവ്വീസ് സംഘടന കളേയും ഇതു ബാധിക്കും. ചുരുക്കത്തിൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന സംഘടനക ളെയെല്ലാം ആൻറണി സർക്കാർ വെല്ലുവിളിക്കുകയല്ലെയെന്ന് കരുതേണ്ടിയിരിക്കുന്നു. ഈ ചാട്ടവാർ ഭീഷണി സംഘടിതമായി നേരിടാതിരിക്കുവാൻ അഭിമാനബോധമുള്ള പൌരന്മാർക്ക് സാദ്ധ്യമല്ല. കാരണം ഇന്ത്യയിലെ മറെറാരു സംസ്ഥാന ഗവണ്മെൻറും അവകാശസമരങ്ങൾക്കുനേരെ ഇത്തരം ആയുധം എടുത്ത് പ്രയോഗിക്കുവാനുള്ള ബുദ്ധിശൂന്യത കാണിച്ചിട്ടില്ല.

തികച്ചും പ്രാകൃതമായ വികാരങ്ങൾക്ക് അടിമപ്പെട്ടു പ്രവർത്തിക്കുന്ന കേരള സർക്കാരിനോട് ന്യായവാദം നടത്താൻ ഞങ്ങൾ ഒരുക്കമല്ല. "ഇവിടെ എന്തും സംഭവിക്കട്ടെ, സമരങ്ങൾ അടിച്ചമ ർത്തപ്പെടണം". എന്നു മാത്രമേ ഈ സർക്കാരിനുള്ളൂ. ഈ അഭിനവ നീറോയ്ക്കു് വിദ്യാർത്ഥികളെക്കു റിച്ചും അവരുടെ രക്ഷിതാക്കളേക്കുറിച്ചും തെല്ലും ചിന്തയില്ല. വാല്യുവേഷൻ ബഹിഷ്കരണം തുടർന്നാൽ ഒരു ചുക്കും വരാനില്ലെന്ന നിലപാടിൽ പിടിച്ചുതൂങ്ങുന്ന സർക്കാരിൻെറ മുന്നിൽനിന്ന് ബഹിഷ്കരണസമരം താല്ക്കാലികമായി പിൻവലിച്ച് അദ്ധ്യാപകർ പിൻവാങ്ങുകയാണ്. സർക്കാർ വിവേകപൂർവ്വം പെരുമാറാൻ തയ്യാറാകാത്തിടത്ത് അദ്ധ്യാപകർ അതിന് തയ്യാറാകുന്നുവെന്നേ അർത്ഥമുള്ളൂ.

അദ്ധ്യാപകരുടെ ന്യായമായ ആവശ്യം നേടുന്നതിനുവേണ്ടി മററു സമര മാർഗ്ഗങ്ങൾ സംയുക്ത കർമ്മസമിതി ആവിഷ്കരിക്കുകയാണ്. കേരള സർക്കാർ അദ്ധ്യാപകരോട് എന്താണ് ചെയ്തതെ ന്ന് പ്രബുദ്ധരായ നാട്ടുകാരെ അറിയിക്കുവാനുള്ള ബാദ്ധ്യത അദ്ധ്യാപകർക്കുണ്ട്. കരിനിയമം റദ്ദാക്കി കിട്ടുന്നതിനുവേണ്ടി കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങളും സർവ്വീസ് സംഘടനകളുമായി ചേർന്ന് സംയുക്ത പ്രക്ഷോഭണം നടത്താൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്.

സർക്കാർ കരിനിയമം ഇറക്കിയതുകൊണ്ട് അദ്ധ്യാപകർ പിന്തിരിഞ്ഞോടുന്നുവെന്നും യു. ജി. സി. സ്കെയിൽ അനുവദിക്കണമെന്ന ആവശ്യം ഉപേക്ഷിക്കുന്നുവെന്നും സർക്കാർ കരുതേണ്ട. സമര മാർഗ്ഗത്തിൽ ഞങ്ങൾ ഉറച്ചുനില്ക്കുന്നു. അനിശ്ചിതകാല പണിമുടക്കം അടക്കമുള്ള സമര പരിപാടി കൾ സംയുക്ത കർമ്മസമിതിയുടെ സജീവ പരിഗണനയിലുണ്ട്. മെയ് മൂന്നാംവാരത്തിൽ കാസർ ഗോട്ടുനിന്ന് സമര പ്രചരണ ജീപ്പുജാഥ ആരംഭിക്കും. കേരളത്തിലെ എല്ലാ കോളേജുകളും സന്ദർശി

പ്രക്ഷോഭ ജാഥ തിരുവനന്തപുരത്ത് എത്തിച്ചേരും. അതേത്തുടർന്നായിരിക്കും മററു സമരപരിപാടികൾ.

ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി നിശ്ചയദാർഢ്യത്തോടെ സമരരംഗത്ത് ഉറച്ചുനിന്ന എല്ലാ അദ്ധ്യാപകരേയും സംയുക്ത കർമ്മസമിതി അനുമോദിക്കുന്നു. നാം നടത്തുവാൻപോകുന്ന സമരങ്ങളിലും അടിപതറാതെ നില്ക്കണമെന്ന് അദ്ധ്യാപകരോട് ആഹ്വാനം ചെയ്യുന്നു.

ഞങ്ങൾ ഉന്നയിച്ച ആവശ്യം തികച്ചും ന്യായയുക്തമാണ് എന്ന് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സഹായിക്കുകയും ഞങ്ങളുടെ സമരത്തിന് സർവ്വവിധ പിന്തുണയും നൽകുകയും ചെയ്ത പ്രബുദ്ധരായ പത്രലോകത്തോടുള്ള ഞങ്ങളുടെ കടപ്പാട് നിസ്സീമമാണ്. ഈ സമരത്തിൽ ഞങ്ങളെ സഹായിച്ച സഹോദര സംഘടനകളോടും ബഹുജന പ്രസ്ഥാനങ്ങളോടും ഉള്ള കൃതജ്ഞത ഞങ്ങളിവിടെ രേഖപ്പെടുത്തുന്നു.

---

## ഉത്തരക്കടലാസുകൾ വേഗം അയയ്ക്കണം

കേരള യൂണിവേഴ്സിററി ഓഫീസിൽ കെട്ടിക്കിടക്കുന്ന, ആഴ്ചകൾക്കു മുമ്പുനടന്ന പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഉടനടി പരീക്ഷകർക്ക് അയച്ചുകൊടുക്കുന്നതിനും കോളേജുകൾ തുറക്കുന്നതിനുശേഷം പേപ്പർ പരിശോധന നടത്തേണ്ടിവരുന്ന അദ്ധ്യാപകർക്ക് ഡ്യൂട്ടീലീവ് അനുവദിച്ചുകിട്ടുന്നതിനും ആവശ്യമായ നടപടികൾ യൂണിവേഴ്സിററി സത്വരമായി സ്വീകരിച്ചില്ലെങ്കിൽ ഈ വർഷവും പരീക്ഷാഫലങ്ങൾ താമസംകൂടാതെ പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വരുമെന്ന് എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ: ടി. ഗോപാലകൃഷ്ണൻ യൂണിവേഴ്സിററി വൈസ് ചാൻസലർക്കും പരീക്ഷാ കൺട്രോളർക്കും നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

യൂണിവേഴ്സിററിയിൽനിന്നും പേപ്പർ അയയ്ക്കായ്കയാൽ ഒരു മാസത്തിനുമുമ്പ് നടന്നപരീക്ഷകളുടെ ഉത്തരക്കടലാസുകൾപോലും പരീക്ഷകർക്കിതുവരെ ലഭിച്ചിട്ടില്ലെന്നും കാലതാമസം വരുന്നതുമൂലം അദ്ധ്യാപകർ കോളേജുകൾ തുറന്നതിന് ശേഷവും പേപ്പർ പരിശോധന ജോലി ചെയ്യേണ്ടിവരുമെന്നും കോളേജുകളിലെ ജോലിയും പാഠങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലിയും കോളേജുകൾ തുറന്നതിനുശേഷം ചെയ്യേണ്ട അദ്ധ്യാപകർക്ക് കാര്യക്ഷമമായരീതിയിൽ പേപ്പർ പരിശോധന ജോലി ചെയ്യാനും യഥാസമയം പരിശോധന പൂർത്തിയാക്കാനും കഴിയാതെ വരുമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി. പരിശോധനാജോലി ചെയ്യേണ്ടിവരുന്നവർക്ക് ഡ്യൂട്ടിലീവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നും ജനറൽ സെക്രട്ടറി യൂണിവേഴ്സിററി അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എ. കെ. പി. സി. ടി. എ.
സർക്കുലർ No. 1/78-79.

എല്ലാ ബ്രാഞ്ചുകൾക്കും

## 7-5-78-ൽ എറണാകുളത്തു കൂടിയ വർക്കിംഗ് കമ്മററി യോഗ തീരുമാനങ്ങൾ

7-5-78-ൽ എറണാകുളത്തു കൂടിയ വർക്കിംഗ് കമ്മററി യോഗ തീരുമാനങ്ങൾ നേടുന്നതിനുവേണ്ടിയുള്ള സമരത്തിന്റെ തുടർച്ചയെന്ന നിലയിൽ കോളേജുകൾ തുറക്കുമ്പോൾ നിർത്തിവച്ച U. G. C. സ്കെയിൽ കാസർകോട്ട് മുതൽ തിരുവനന്തപുരംവരെ ഒരു ജീപ്പുജാഥ നടത്തുവാൻ തീരുമാനിച്ചു. ജാഥ തിരുവനന്തപുരത്തെത്തുന്ന ദിവസം സെക്രട്ടേറിയേററിന്റെ പടിക്കൽ കൂട്ടധർണ നടത്തുന്നതിനും നിശ്ചയിച്ചു. ജാഥയും ധർണയും ഒരു വമ്പിച്ച വിജയമാക്കിത്തീർക്കുന്നതിനുള്ള പ്രവർത്തനം മുൻകൂട്ടിത്തന്നെ നടത്താൻ ബ്രാഞ്ചു സെക്രട്ടറിമാരോട് അഭ്യർത്ഥിക്കാനും തീരുമാനിച്ചു.

കേരള സർക്കാർ കൊടുത്തിരുന്ന ഉറപ്പിനു വിരുദ്ധമായി കട്ടപ്പനയ്ക്കടുത്തു ഒരു സർക്കാർ കോളേജ് തുടങ്ങുകയും, നരിയമ്പാറ ദേവസ്വം ബോർഡ് കോളേജ് നിന്നുപോകുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ കോളേജിലെ അദ്ധ്യാപക അനദ്ധ്യാപകരുടെ പ്രശ്നം ചർച്ചചെയ്തു പരിഹരിക്കുന്നതിലേക്ക് ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും ഒരു കാൺഫ്രൻസു വിളിച്ചുകൂട്ടണമെന്നു സർക്കാരിനോടഭ്യർത്ഥിച്ചു.

കേരള കാലിക്കട്ടു സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച കിരാതമായ ഓർഡിനൻസിനെതിരെ സമരം ചെയ്യാൻ ഓർഡിനൻസിന്റെ പരിധിയിൽ വരുന്ന മററു സർവ്വീസ് സംഘടനകളുമായി കൂടിയാലോചിച്ചു ഒരു വ്യക്തമായ കർമ്മപരിപാടിക്കു രൂപംകൊടുക്കാൻ തീരുമാനിച്ചു.

കെ. എസ്. ഇ. ബി. വർക്കേഴ്സ് അസ്സോസിയേഷൻ നടത്തിവരുന്ന അവകാശ സമരത്തോടു് അനുഭാവം രേഖപ്പെടുത്തുകയും, അടിച്ചമർത്തൽ നയം അവസാനിപ്പിച്ചു് ഒത്തുതീർപ്പു ചർച്ചയിലൂടെ ജീവനക്കാരുടെ തികച്ചും ന്യായമായ അവകാശങ്ങൾ അംഗീകരിച്ചു് പ്രശ്നം പരിഹരിക്കണമെന്നു് സർക്കാരിനോടഭ്യർത്ഥിക്കാൻ തീരുമാനിക്കുന്ന പ്രമേയം.

എ. കെ. പി. സി. ടി. എ. ബുള്ളററിന്റെ വരിസംഖ്യ മേലിൽ സ്റ്റേററ് ട്രഷറർ പ്രൊഫ: എൻ. ജെ. ജേക്കബ്ബിന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

ബുള്ളററിന്റെ എഡിറേറാറിയൽ ബോർഡിലേക്ക് പ്രൊഫസർ ആർ. ആർ. സി. നായർ, ശ്രീ. വി. നാരായണൻകുട്ടി, പ്രൊഫ: ടി. ഗോപാലകൃഷ്ണൻ, പ്രൊഫ: ജി. മാധവൻനായർ, പ്രൊഫസർ എൻ. ജെ. ജേക്കബ്ബ്, ശ്രീ. ജി. ശ്രീധരൻ, ശ്രീ. ജോർജ്ജ് ഓണക്കൂർ എന്നിവരെ തെരഞ്ഞെടുത്തു.

ടി. ഗോപാലകൃഷ്ണൻ, ജനറൽ സെക്രട്ടറി

## എ. കെ. പി. സി. ടി. എ.
## പ്രവർത്തക ക്യാമ്പ് മാററിവച്ചു.

എ. കെ. പി. സി. ടി. എ. ബ്രാഞ്ചു സെക്രട്ടറിമാരടക്കമുള്ള പ്രവർത്തകർക്കുവേണ്ടി മേയ് മാസത്തിൽ നടത്തുവാൻ പരിപാടിയിട്ടിരുന്ന വർക്കേഴ്സ് ക്യാമ്പ് ആഗസ്റ്റ് മാസത്തിലേക്ക് മാററാൻ 7-5-'78-ൽ എറണാകുളത്തുകൂടിയ സ്റ്റേററ് വർക്കിംഗ് കമ്മററി തീരുമാനിച്ചിരിക്കുന്നതായി എ. കെ. പി. സി. ടി. എ. ജനറൽ സെക്രട്ടറി അറിയിച്ചിരിക്കുന്നു.

എ. കെ. പി. സി. ടി. എ.

അടിയന്തിര സർക്കുലർ E1/78-79.

**ബ്രാഞ്ച് സെക്രട്ടറിമാർക്ക്**

## ജൂൺ 29 കൂട്ടധർണ വിജയിപ്പിക്കുക.

കേരള അസംബ്ലി വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന ജൂൺ 29-ന് ഡൈസ്‌നോണിന് പുതിയ വ്യാപ്തിയും വ്യാഖ്യാനവും നൽകിക്കൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച തികച്ചും കിരാതമായ ഓർഡിനൻസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭയ്ക്കു മുമ്പാകെ നടത്തുന്ന കൂട്ടധർണ ഒരു വമ്പിച്ച വിജയമാക്കിത്തീർക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ ബ്രാഞ്ചു സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം. എ. കെ. പി. സി. ടി. എ. പ്രവർത്തകർ അന്നേദിവസം കൃത്യം 10 A. M.-ന് യൂണിവേഴ്സിററിക്കുമുമ്പിൽ എത്തിച്ചേരേണ്ടതാണ്. അവിടെനിന്നും ജാഥയായി പുറപ്പെട്ട് ഉച്ചയ്ക്ക് രണ്ടുമണിവരെ ധർണ നടത്തണമെന്നാണ് തീരുമാനം. എ. കെ. പി. സി. ടി. എ.-യ്ക്ക് പുറമേ മററു സർവ്വീസ് സംഘടനകളും ഈ ധർണയിൽ പങ്കെടുക്കുന്നു. ധർണയുടെ പ്രചാരണപരമായ പ്രാധാന്യം കണക്കിലെടുത്ത് ധർണയിൽ പരമാവധി അദ്ധ്യാപകരെ പങ്കെടുപ്പിക്കുവാൻ ബ്രാഞ്ച് സെക്രട്ടറിമാർ പ്രവർത്തിക്കേണ്ടതാണ്. എ. കെ. പി. സി. ടി. എ.-യുടെ വടക്കൻ മേഖലയിലുള്ള ഓരോ ബ്രാഞ്ചിൽനിന്നും ഒരദ്ധ്യാപകനെങ്കിലും ധർണയിൽ പങ്കെടുക്കേണ്ടതാണ്. മദ്ധ്യമേഖലയിൽനിന്നും ബ്രാഞ്ചൊന്നിന് 5 പ്രതിനിധികളെവീതവും, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽനിന്നും കഴിയുന്നത്ര മുഴുവൻ അദ്ധ്യാപകരേയും പങ്കെടുപ്പിക്കണമെന്നാണ് തീരുമാനം. ധർണയിൽ പങ്കെടുക്കാൻ എത്തുന്ന അദ്ധ്യാപകർ "personal affairs" എന്ന കാരണം കാണിച്ച് കാഷ്വൽ അവധി എടുത്താൽ മതിയാകും.

## സർക്കാർ കോളേജ് തുറക്കുന്ന തീയതി നീട്ടിവച്ചാലും ധർണ മാററിവയ്ക്കുന്നതല്ല.

ഈ ധർണ ഒരു വമ്പിച്ച വിജയമാക്കിത്തീർക്കാൻ ബ്രാഞ്ചു സെക്രട്ടറിമാരും അസ്സോസിയേഷൻ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

മദ്ധ്യവേനലവധി കഴിഞ്ഞ് ജൂൺ 1-നുതന്നെ കോളേജുകൾ തുറക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ജൂൺ 9 മുതൽ ജീപ്പുജാഥ നടത്തുന്നതിനും ജൂൺ 21 "ഓർഡിനൻസ് വിരുദ്ധദിനമായി" ആചരിക്കാനും ജോയിൻറ് ആക്ഷൻ കൗൺസിൽ വിളിച്ചുകൂട്ടിയ വിവിധ സംഘടനാപ്രതിനിധികളുടെ യോഗം തീരുമാനിച്ചത്. ജോയിൻറ് ആക്ഷൻ കൗൺസിലിനു പുറമേ കേരള/കാലിക്കട്ട് യൂണിവേഴ്സിററി ജീവനക്കാരുടെ സംഘടനകൾ, കോളേജുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് സംഘടനകൾ, എൻ. ജി. ഒ. യൂണിയൻ തുടങ്ങിയവയാണ് സംയുക്ത സമരത്തിന് നേതൃത്വം നൽകുന്നത്. കോളേജുകൾ തുറക്കുന്ന തീയതി നീട്ടിവച്ചിരിക്കുന്ന സാഹചര്യത്തിൽ ഓർഡിനൻസ്‌വിരുദ്ധദിനാചരണവും ജീപ്പുജാഥയും മാററിവച്ചിരിക്കുന്നു. 29-ാംതീയതി വ്യാഴാഴ്ച തിരുവനന്തപുരത്തു കൂടുന്ന സംഘടനാ പ്രതിനിധികളുടെ യോഗം ഇവയ്ക്കുള്ള തീയതികൾ നിശ്ചയിക്കുന്നതാണ്

"ഓർഡിനൻസ് വിരുദ്ധദിന"ത്തിൽ അദ്ധ്യാപകർ കറുത്ത ബാഡ്ജ് ധരിച്ചുവേണം ജോലിയ്ക്ക് ഹാജരാകേണ്ടത്. അന്ന് വൈകിട്ട് സർവ്വീസ്-അദ്ധ്യാപക-ട്രേഡ്‌യൂണിയൻ-വിദ്യാർത്ഥിസംഘ

ടനാപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് എല്ലായിടത്തും ചർച്ചായോഗങ്ങൾ നടത്താനുദ്ദേശിക്കുന്നു. പ്രസ്തുത യോഗത്തിൽ ഈ "കരിനിയമം" പിൻവലിക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസ്സാക്കി ഗവർണ്ണർ, മുഖ്യമന്ത്രി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

പ്രൊഫ: ആർ. ആർ. സി. നായർ
പ്രസിഡൻറ്, A. K. P. C. T. A.

ഒററപ്പാലം,
19-6-1978.

---

## കേരളാ ഗവൺമെൻറിൻെറ അദ്ധ്യാപകാവകാശ നിഷേധത്തിന് മറെറാരു ദൃഷ്ടാന്തം.

കേരളത്തിലെ പ്രമുഖ ദിനപ്പത്രമായ മാതൃഭൂമിയുടെ 20-6-78-ലെ മുഖപ്രസംഗമാണ് ചുവടെ ചേർക്കുന്നത്. ഗവേണിംഗ്ബോഡി / മാനേജിംഗ് കൗൺസിൽ രൂപീകരിക്കാത്ത മാനേജുമെൻറുകൾക്ക് പുതിയ കോഴ്സുകളൊന്നുംതന്നെ അനുവദിക്കുകയില്ലെന്ന് കേരള സർവ്വകലാശാല സിൻഡിക്കേററ് സെനററിന് നൽകിയ ഉറപ്പിനെ മറികടന്നുകൊണ്ട് തീരുമാനം എടുക്കാൻ കേരള ഗവൺമെൻറ് തുനിഞ്ഞിരിക്കുന്നു. പുതിയ കോഴ്സുകൾ കൊടുക്കുന്നതിനെ എ. കെ. പി. സി. ടി. എ. എതിർക്കുന്നില്ല. പക്ഷേ തത്വത്തിൽനിന്നുമുള്ള ഈ വ്യതിചലനം മാനേജുമെൻറുകളെ സഹായിക്കാനുള്ള അമിത വ്യഗ്രത മാത്രമാണ് സൂചിപ്പിക്കുന്നത്. "വിദ്യാഭ്യാസ വിപ്ലവത്തിൻെറ" മറെറാരു മുഖം.

## ആരുടെ ശുപാർശ?

കേരള-കാലിക്കററ് സർവ്വകലാശാലയുടെ പരിധിയിൽപ്പെട്ട ഏതാനും കോളേജുകൾ അപ്ഗ്രേഡ് ചെയ്യാൻ ഗവണ്മെൻറ് ഈയിടെ തീരുമാനിക്കുകയുണ്ടായല്ലോ. സർവ്വകലാശാലാ സിൻഡിക്കേററുകളുടെ ശുപാർശപ്രകാരമാണ് ഇപ്രകാരം ചെയ്തതെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ സിൻഡിക്കേററുകൾ ശുപാർശ ചെയ്യാത്ത രണ്ടു കോളേജുകൾക്കും അപ്ഗ്രേഡിംഗ് സൗഭാഗ്യം ലഭിക്കാൻ പോകുന്നതായി അറിയുന്നു. തങ്ങൾ വ്യക്തമായ കാരണങ്ങളാൽ ശുപാർശ ചെയ്യാത്ത ഈ കോളേജുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ആവശ്യപ്പെട്ടതിൽ കേരള സർവ്വകലാശാ സിൻഡിക്കേററ് അസന്തുഷ്ടി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ രണ്ടു കോളേജുകളിലൊന്ന് അപ്ഗ്രേഡ് ചെയ്യാൻ അപേക്ഷ സമർപ്പിക്കുകപോലും ചെയ്തിട്ടില്ലത്രെ! മറേറതാകട്ടെ, സർവ്വകലാശാല നിർദ്ദേശിച്ചതരത്തിലുള്ള മാനേജിങ്ങ് കൗൺസിൽ രൂപവൽക്കരിക്കാൻ വിസമ്മതിച്ചതുമാണ്. ഇക്കാരണങ്ങളാലാണ് സിൻഡിക്കേററ് അവ അപ്ഗ്രേഡ് ചെയ്യാൻ ശുപാർശചെയ്യാതിരുന്നതും. എന്നിട്ടും അവയുടെമേൽ അപ്ഗ്രേഡിങ്ങ് വച്ചുകെട്ടാനുള്ള ഗവണ്മെൻറിൻെറ വ്യഗ്രതയുടെ രഹസ്യം എന്താവാം? സിൻഡിക്കേററിൻെറ ശുപാർശപ്രകാരമല്ലെങ്കിൽ മററാരുടെ ശുപാർശയിന്മേലാണ് ഗവണ്മെൻറ് ഇപ്രകാരം ചെയ്തത്?

---

## GOVERNMENT OF KERALA

**Copy of Govt. Letter No. 566/J1/78/H. Edn., dated 10—2—1978 from the Special Secretary to Government, Higher Education, Government of Kerala.**

Sir,

Sub: Deputation of teachers for Teacher Fellowships under the Faculty Improvement Programme of the University Grants Commission-

Ref: Your letter No. Rsln. No. 43-St. Cmt/77-78 dated 20—10—1977

With reference to the letter cited, I am to inform you that the selection of teachers to undergo M. Phil, Ph. D., etc. are governed by G. O. (P) 195/76/H. Edn. dated 20—12—1976. This G. O. is based on the guidelines issued by the University Grants commission. Clause 1 of the G. O. envisages deputation of teachers outside Kerala State also, in cases where there are no such courses in the Universities in Kerala. This rule has been strictly adhered to in all such cases when candidates have applied through the Director of Collegiate Education properly scrutinized and screened by the Committee by considering each case on its merits.

Yours faithfully,

Sd/—

M. K. Samban, Under Secretary,
for Spl. Secretary to Govt.

---

**Copy of Government Letter No. 54073/R1/77/Fin. dated: 27—1—1978 from The Special Secretary (Finance), Government of Kerala addressed to The Finance Officer, University of Kerala, Trivandrum.**

Sir,

Sub: Pay-fixation of pay in upgraded posts- Applicability of Rule 28 A/37 Part 1, Kerala Service Rules-clarification-regarding-

Ref: Your letter No. Fin-4703/77 dtd. 16—6—77

With refrence to your letter cited, I am to inform you that as per circular No. 107/75 Fin dated 18—10—75 an officer is not eligible to get his pay fixed under Rule 28A on upgradation of the post held by him, The Rule to be applied in such cases is Rule 30, Part 1, K. S. R. The intention of Government is that refixation is not admissible when a post is upgraded, as such upgradation is not reckoned as promotion. This does not mean that an officer is not entitled to get his pay fixed initially by applying Rule 28A/37 Part 1 K. S. R. when he is promoted to the upgraded post on completion of a certain length of service. But a refixation of pay under Rule 28A/37 Part 1 K S. R. is not permissible in this case.

Yours faithfully,

Sd/—

F. PIUS, Deputy Secretary
For Spl. Secretary (Finance)

# COPY OF G. O. (P) NO. 438/78/FIN DATED 2nd MAY, 1978 OF FINANCE (PRU) DEPARTMENT.

## Allowances - Dearness Allowance - Revision of - Orders Issued.

*Read:*—
1. G. O. (P) No. 91/74/Fin dated 5th April, 1974.
2. G. O. (P) No. 122/74/Fin dated 22nd May, 1974.
3. G. O. (P) No. 337/74/Fin dated 11th October, 1974.
4. G. O. (P) No. 2/75/Fin dated 1st January, 1975.
5. G. O. (P) No. 82/75/Fin dated 4th March, 1975.
6. G. O. (P) No. 408/75/Fin dated 8th September 75 and
7. G. O. (P) No. 438/75/Fin dated 19th September, 1975.

## ORDER

Govt. are pleased to order that the rates of Dearness Allowance sancti oned in the Govt order read as sixth paper above will be revised as follows, with effect from 1—1—1978 (First January, one thousand nine hundred and seventy eight)

| Pay Range | Rates of Dearness allowance per mensem |
|---|---|
| Upto Rs. 300/- | 57% (Fifty seven per cent) of pay subject to a minimum of Rs. 113 (Rupees one hundred and thirteen only)and maximum of Rs. 168 (Rupees one hundred and sixty eight only) |
| Above Rs. 300 and up to Rs. 900 | 42% (Forty-two per cent) of pay subject to a minimum of Rs 168 (Rupees one hundred and sixty eight only) and maximum of Rs. 363 (Rupee three hundred and sixty three only) |
| Above Rs. 900 and upto Rs 2,250 | Rs. 363 (Rupees three hundred and sixty three only) subject to the condition that pay plus dearness allowanance shall not exceed Rs. 2,400. |

2. Calculations of Dearness Allowance shall be made as follows.

| Pay Range | Dearness allowance admissible D. A. up to 272 points | D. A. beyond 272 points |
|---|---|---|
| upto Rs. 300 | 36% pay plus | 21% of pay subject to a minimum of Rs 42and maximum of Rs.60/ |
| Above Rs. 300 and upto Rs. 900 | 27% of pay subject to a minimum of Rs. 108 & maximum of Rs. 243 | Puls 15% of pay subject to a minimum of Rs. 60/- and maximum of Rs. 120/- |
| Above Rs 900 and upto Rs. 2250 | Rs. 363 subject to the condition that pay plus Dearness Allowance shall not exceed Rs. 2,400/- | |

*Note*:- Total D. A. admissible shall be rounded to the nearest rupees; 50 paise and above being reckoned as one rupee.

3. These orders apply to the full time State Govt. employees, staff of aided schools, private colleges, and private pol. technics, full time employees borne on contingency and work-charged establishments and the employees of local bodies subject to the condition that the expenditure on this account in respect of local bodies will be met from the funds of the respective local bodies.

By order of the Governor.

Sd/-

Additional Secretary to Government.

Copy of Letter No. 8762/J1/78/H. Edn., dated 13-4-1978 from the Special Secretary to Government, Higher Education.

Sir,

Sub: Private Colleges-Norms to govern the transfer of the teachers working in the college under corporate managements—

Ref: Your letter No Rsln. No. 15/S. W. C/77—78 dated 25—6—1977

With reference to the letter cited, I am to inform you that the grievances of Private College Teachers referred to in the letter cited will be solved to an appreciable extent when section 64 of the Kerala University Act, 1974 is brought into force, which is under the consideration of Government.

Yours faithfully,
Sd/—
M. K. Samban,
Under Secretary,
for Spl. Secretary to Government.

---

Copy of Letter No. PF. BI. 73326/77/L. Dis. dated 23—12—1977 from The Director of Collegiate Education, addressed to The General Secretary, AKPCTA.

Sir,

Sub: Private Colleges—Retirement of teachers who have opted the age of retirement at 60 years-regarding.

Ref: Your letter No. 35—77/78 dated 5—12—1977

Adverting to the above I write to inform you that the question of extension of service till the end of the academic year in the case of teachers under the Kerala University who have opted for chapter III and who complete the age of 60 during the course of an academic year has been referred to Government and that Government orders are awaited. Pending receipt of Government orders teachers who complete the age of 60 during the course of the academic year should retire on the date they complete the age of 60 as the Kerala University First statutes 1972 stipulates the age of retirement of college teachers as sixty and as there is no provision for extension of service in the case of such teachers till the end of the academic year either in the First statutes 1972 or in the First statutes on pension, P. F., Age of Retirement etc., 1972.

Yours faithfully,
Sd/—
For Director of Collegiate Education.

## UNIVERSITY OF CALICUT

Copy of Letter No. GA-A4/11130/77. dated 29—12—1977 from the Registrar, University of Calicut.

Sir,

Sub: Fixing of work-load & Staff pattern in Colleges—Reckoning strength of students in each department for fixation-Regarding.

Ref: Your letter No. 36/77—78 dated 5—12—1977

With refernce to your letter cited I am to inform you as follows:

The fixation of work-load & staff pattern in respect of each department of a college is done by this University reckoning the strength of students in the department during the same academic year. Even when the request for creation of additonal posts comes to the University the matter is considered by this University as per the actual work-load and strength of students in the department at the time of the request from the Principal-

Yours faithfully.

Sd/—

Dy. Registrar (General & Academic)

For Registrar.

## UNIVERSITY OF KERALA

Copy of Letter No. EJI-1/2002/77 dated 21 March 78 from The Controller of Examinations, University of Kerala.

Sub: Teachers permanently debarred from examination work of the University under the 1973 Revaluation rules-extending the benefits under the new rules of 1977 to the teachers-regarding—

Ref: Your letter No. 39—Cmt. /77—78 dated 15—10—1977

Sir,

With reference to your letter cited above, I write to inform you that the resolution adopted by the State Committee of the All Kerala Private College Teachers' Association forwarded by you was considered by the Syndicate and it has been decided that the revaluation rules formulated in 1977 and now in force be applied retrospectively and the benefits under the rules extended to the teachers permanently debarred from the examination work under the rules framed in 1973.

Yours faithfully,

Sd/—

Controller of Examinations

# UNIVERSITY OF KERALA
## (ABSTRACT)

**Private Colleges — Rules to govern the Seniority of teachers — framed orders — issue of —**

ACADEMIC F. II SECTION

No. Ac. F II—1/1366/68 Trivandrum, dt. 23—2—1978.

*Read:-* Item No. 58 of the Minutes of the Meeting of the Syndicate held on 23—2—1978.

### ORDER

In exercise of the powers conferred on the Syndicate by virtue of statute 56 of Chapter XLIX of the KERALA University First Statutes 1972, the Syndicate at its meeting held on 23-2-1978 has approved the following rules in modification of the existing Seniority rules as contained in U. O. No. Ac. F. 11—1/1366/68 dated 22—3—1975.

1. All Managements shall maintain seniority lists of teachers working in their colleges affiliated to this University and it should be brought up-to date from time to time.

2. (a) All Colleges under a Corporate Management affiliated to this University shall be considered as one unit for fixing the seniority of teachers provided the Management is recognised by the University as Corporate.

(b) Corporate Managements having Arts and Science Colleges, Training Colleges and Engineering Colleges shall maintain a common seniority list in subjects common to the above colleges.

Provided however, that if before the commencement of these rules, the corporate management has treated Training, Engineering and Womens' Colleges as separate units and has been so recognised by the University, such college/colleges shall continue to be so and a separate seniority list for each of such colleges shall be prepared in accordance with the provisions laid down in these rules.

3 (a) Seniority of a teacher in the same cadre in a subject under a Management shall be decided with respect to the total period of service in that cadre in the subject, provided he/she is duly qualified or exempted by the competent authority from the possession of the minimum qualifications prescribed for the post.

(b) For the purpose of (a) above, while calculating the total period of service of teachers, the service put in by a teacher prior to a 'Break in Service' which exceeds two years at a time will not be reckoned-

(c) The Management shall also prepare a general seniority list of all the teachers, cadre-wise.

4. Where the date of first appointment is the same, seniority of a teacher in a cadre shall be determined on the basis of the rank in the selection list and where no selection list is maintained, seniority shall be fixed on the basis of age, the older person shall be senior.

Provided however, in the case of promotions from one cadre to the other effected on the same date, their relative seniority in the lower cadre shall be maintained in the promoted cadre, as well.

5- The date of appointment or the rank obtained in the selection list for the post shall be the deciding factor for fixing the seniority and not the date of joining duty.

6- When the teachers with previous service in the same institution or under the same management are re-appointed after a break, their relative seniority will be determined by the length of their previous service in the same institution or under the same management, the person having the longer period of prior service being treated as senior-

7 (a) When a teacher having service in other institutions takes up appointment under a particular management his/her service in that particular management alone shall be taken into account to fix his/her seniority

(b) Seniority of a teacher appointed to a college newly started by an educational agency shall be decided with refrence to the length of total previous service, if any, in the same grade or cadre under any other educational agency or corporate management as the case may be, reckoned on the first working day of the college, provided he/she joins duty on the first working day. (subject to the provision in (a) above)

8. Transfers from one college to another shall be made only if both the colleges are under a corporate management and affiliated to this University but such transfers shall not affect the seniority of the teachers.

9. When a teacher working in a college under a particular Management takes up appointment in another college under a new Management, he/she shall take his/her place as the junior most in the particular cadre in the Department concerned, but he/she shall be entitled to the protection of the emoluments drawn by him/her earlier.

10. Retired teachers from Government Colleges and other institutions who take up appointments in Private Colleges shall not be assigned any seniority.

11. Every teacher shall be placed in the 'seniority lists' on the date of his/her first appointment to the service, irrespective of the fact that the appointment is temporary or on probation or under any exemption, temporary or permanent.

12. Every Management shall prepare 'provisional seniority lists' of teachers in their colleges within 3 months from the date on which these rules come in to force. The lists so prepared shall be circulated among the teachers. Complaints, if any, received from the teachers within one month of its circulation, shall be considered and decided by the management within one month of their receipt and its decision on the complaints communicated to the teachers concerned. The 'seniority lists' thus finalised shall be forwarded to the University within two months for approval by the Syndicate

13 The teachers are entitled to appeal before the Vice-Chancellor against the decision of the Management within one month from the date of receipt of the final decision of the Management The decision of the Vice-Chancellor on the appeal shall be final.

14 The seniority lists' shall be approved by the Syndicate after making the necessary alterations, if any found, as per the above rules.

15 The 'seniority lists' approved by the Syndicate shall be the final lists and any addition to the lists shall be made subject to the approval by the Syndicate and in strict conformity with these rules.

The Managements of all affiliated private colleges within the territorial jurisdiction of this University shall follow the above rules scrupulously.

NOTE: Notwithstanding anything contained in the above, the seniority of a teacher already fixed prior to the commencement of these rules shall not be disturbed-

These rules will be effective from 23—2—1978

Sd/—

REGISTAR (OFFICIATING)

To

1. The Managements and Principals of all affiliated private colleges.
2. The Director of Collegiate Education, Trivandrum.
3. The Regional Deputy Directors of Collegiate Education, Quilon and Trippunithura.
4. The General Secretary, Private College Managements' Association, Kothamangalam.
5. The General Secretary, A. K. P. C. T. A., S. N. College, Shertallai.
6. The President, Private College Teachers' Federation, Nirmala College, Muvattupuzha.
7. The Liaison Officer, P. C. T. A. Beth, Nalanchira, TVM. 14
8. Ac. F. Sections.
9. Stock File.

# എ. കെ. പി. സി. ടി. എ. വാർത്തകൾ

## നരിയമ്പാറ ഡി. ബി. എസ്. കോളേജ് പ്രശ്നത്തിന് ശാശ്വത പരിഹാരം

കേരള ഗവണ്മെൻറ് ജൂൺ 13-ാം തീയതി വിളിച്ചുകൂട്ടിയ ബന്ധപ്പെട്ട കക്ഷികളുടെ കോൺഫറൻസ് നരിയമ്പാറ കോളേജ് പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തിയിരിക്കുന്നു. എ. കെ. പി. സി. ടി. എ. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ഗവണ്മെൻറിനും, കേരള സർവ്വകലാശാലയ്ക്കും നൽകിയിരുന്ന നിവേദനങ്ങളുടെ ഫലമായാണ് കോൺഫറൻസ് വിളിക്കപ്പെട്ടത്. മുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി, ഗവണ്മെൻറ് സെക്രട്ടറിമാർ, സർവ്വകലാശാല പ്രൊവൈസ് ചാൻസലർ, രജിസ്ട്രാർ, ദേവസ്വം ബോർഡ് പ്രസിഡൻറ്, മെമ്പർമാർ, ഗവണ്മെൻറ് കോളേജ് അദ്ധ്യാപക സംഘടനാ പ്രതിനിധികൾ, മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ പ്രസിഡൻറ് എന്നിവർ പങ്കെടുത്ത കോൺഫറൻസിൽ, എ. കെ. പി. സി. ടി. എ. പ്രതിനിധികളായി പ്രൊഫ: ആർ. രാമചന്ദ്രൻനായർ, ശ്രീ. ചന്ദ്രശേഖരൻനായർ, ശ്രീ. ശബരിനാഥൻനായർ എന്നിവർ സംബന്ധിക്കുകയുണ്ടായി. നരിയമ്പാറ കോളേജ് നിർത്തലാക്കുന്നതോടുകൂടി ആ കോളേജിലെ അദ്ധ്യാപകാനദ്ധ്യാപകരെ ജൂനിയർ മോസ്റ്റ് സ്റ്റാഫായി സർക്കാരിലേക്കെടുത്ത് പ്രശ്നം പരിഹരിക്കാനായിരുന്നു സർക്കാരിൻെറ ഉദ്ദേശം. അങ്ങിനെ വന്നിരുന്നെങ്കിൽ 6-ം 7-ം വർഷത്തെ സർവ്വീസുള്ള മുഴുവൻ ജീവനക്കാരുടേയും സർവ്വീസ് നഷ്ടപ്പെട്ടുപോകുമായിരുന്നു. ഇതിനെതിരെ എ. കെ. പി. സി. ടി. എ. ശക്തിയായി വാദിക്കുകയുണ്ടായി. അദ്ധ്യാപകരുമായി ആലോചിക്കാതെ അവരുടെ ഭാവിയെ സംബന്ധിക്കുന്ന പ്രശ്നം സർക്കാരും ദേവസ്വം ബോർഡുംകൂടി ഒരു രഹസ്യക്കരാർമൂലം തീരുമാനിക്കാൻ ശ്രമിച്ചതിൻെറ അനൗചിത്യം എ. കെ. പി. സി. ടി. എ. പ്രതിനിധികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. നരിയമ്പാറ കോളേജ് നിർത്തലാക്കുന്നതോടുകൂടി ഒരൊററ അദ്ധ്യാപകൻേറയോ, അനദ്ധ്യാപകൻേറയോ ഭാവിക്കു ദോഷം വരാത്ത വിധം അവരെ മററു ദേവസ്വം ബോർഡ് കോളേജുകളിൽ എല്ലാവിധ സംരക്ഷണങ്ങളോടും തുടരാൻ അനുവദിക്കണമെന്ന എ. കെ. പി. സി. ടി. എ -യുടെ നിർദ്ദേശം ഗവണ്മെൻറ് അംഗീകരിക്കുകയാണുണ്ടായത്. നരിയമ്പാറ കോളേജിൽ നിർത്തലാക്കിയ പ്രി-ഡിഗ്രി ബാച്ചുകൾ മററു ഡി. ബി. കോളേജുകളിൽ കൂടുതലായി അനുവദിക്കുന്നതിനും സർക്കാർ സമ്മതിക്കുകയുണ്ടായി. നരിയമ്പാറ കോളേജ് പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഈ വിധത്തിലുള്ള ഒരു തീരുമാനത്തിലൂടെ മാത്രമേ സാധിക്കൂ എന്ന് എ. കെ. പി. സി. ടി. എ. വളരെ നേരത്തേതന്നെ സർക്കാരിനെയും സർവ്വകലാശാലയെയും ദേവസ്വം ബോർഡിനെയും അറിയിച്ചിരുന്നു.

---

## എൻ. എസ്. എസ്. മാനേജുമെൻറ് സ്ഥലം മാററങ്ങൾക്ക് തത്വങ്ങൾ ആവിഷ്ക്കരിക്കുന്നു.

എൻ. എസ്. എസ്. കോളേജുകളിൽ സ്ഥലംമാററം സംബന്ധിച്ച് നടക്കുന്ന അഴിമതികൾക്ക് ഒരു പൂർണ്ണവിരാമമിടണമെന്നും, സ്ഥലംമാററങ്ങൾക്ക് വ്യക്തമായ തത്വങ്ങൾ ആവിഷ്ക്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ

ൺസിൽ (എ. കെ. പി. സി. ടി. എ.) കൊടുത്ത മെമ്മോറാണ്ടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതി ന് ജൂൺ 10–ന് എൻ. എസ്. എസ്. മാനേജ്മെൻറ് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ പ്രശ്നം ഉടനടിതന്നെ പരിഹരിക്കുന്നതാണെന്ന് എൻ. എസ്. എസ്. പ്രസിഡൻറും, എൻ. എസ്. എസ്. കോളേജ് സെൻട്രൽ കമ്മററി അംഗങ്ങളും പ്രസ്താവിക്കുകയുണ്ടായി. കോൺഫറൻസിൽ എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ: രാമചന്ദ്രൻനായർ, ജോയിൻറ് സെക്രട്ടറി പ്രൊഫ: മാധവൻനായർ, കോർഡിനേഷൻ കൗൺസിൽ പ്രസിഡൻറ് ശ്രീ. പത്മനാഭൻനായർ, സെക്രട്ടറി ശ്രീ. നാരായണപിള്ള എന്നിവർ പങ്കെടുക്കുകയുണ്ടായി.

---

## സംസ്ഥാന ശമ്പളക്കമ്മീഷനുമായി ചർച്ച

ജോയിൻറ് ആക്ഷൻ കൗൺസിൽ ഓഫ് യൂണിവേഴ്സിററി ആൻറ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് ഇൻ കേരള ഭാരവാഹികൾ സംസ്ഥാന ശമ്പളക്കമ്മീഷൻെറ ക്ഷണം സ്വീകരിച്ച് ജൂൺ 3–ാംതീയതി ശമ്പളക്കമ്മീഷനുമായി ദീർഘമായ ചർച്ചകൾ നടത്തുകയുണ്ടായി. ജോയിൻറ് ആക്ഷൻ കൗൺസിൽ ശമ്പളക്കമ്മീഷന് കൊടുത്തിരുന്ന മെമ്മോറാണ്ടത്തെ പുരസ്കരിച്ചാണ് ചർച്ചകൾ നടന്നത്. സമരസമിതി പ്രസിഡൻറ് പ്രൊഫ: കെ. രാമചന്ദ്രൻനായർ, കൺവീനർമാർ: പ്രൊഫ: ആർ. ആർ. സി., പ്രൊഫ: സ്കറിയ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

---

*Edited and Printed by P. Narendran at Chandra Press, Haripad and published by T. Gopalakrishnan, General Secretary AKPCTA.*